പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3087 03.04.2013-ൽ മറുപടിക്ക്

## പ്ലാസ്റ്റിക് മാലിന്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, സി. മോയിൻ കുട്ടി<br>,, എം. ഉമ്മർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വളരെയധികം ഖരമാലിന്യങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നുവെന്നതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നത് കാരണം ഇവ മണ്ണിലടിഞ്ഞ് മണ്ണിലെ വായു, ജലം എന്നിവയുടെ സുഗമമമായ സഞ്ചാരത്തിന് തടസ്സമാകുകയും ഇത് കൃഷിയെയും മറ്റും ബാധിക്കാൻ ഇടയാകുകയും ചെയ്യുന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യം ഓടകളിലൂടേയും മറ്റും ജലാശയങ്ങളിലെത്തിച്ചേരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു.<br>പ്ലാസ്റ്റിക് മാലിന്യങ്ങളെക്കുറിച്ചുള്ള പഠനം ശുചിത്വമിഷൻ തണൽ എന്ന സന്നദ്ധ സംഘടന വഴി 2011 വർഷത്തിൽ നടത്തിയിരുന്നു. അതിന്റെ ഭാഗമായി റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| ബി) പ്രസ്തുത മാലിന്യങ്ങളുടെ റീസൈക്ലിംഗിൽ സംസ്ഥാനത്തിന് എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിംഗും പുനരുപയോഗം ചെയ്യാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത്തലത്തിലും നഗരസഭാ തലത്തിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ശുചിത്വമിഷൻ വഴി ലഭ്യമാക്കി വരുന്നു. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് കവറുകൾ റീസൈക്ലിംഗിനും റോഡ് ടാറിംഗിനും ഉപയോഗപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്. |

റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്താനായി വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് PWD ക്കും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനും തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് 221 സ്ഥാപനങ്ങൾ പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഉപയോഗ ശൂന്യമായ ഇലക്ട്രിക് ഉൽപ്പന്നങ്ങൾ (ഇ-വേസ്റ്റ്) ശേഖരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ എർത്ത് സയൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. ഇ-മാലിന്യം ശേഖരിക്കുന്നതിനും അന്യസംസ്ഥാനത്തെ അംഗീകൃത ഏജൻസികൾ വഴി റീസൈക്കിൾ/നിർമ്മാർജ്ജനം ചെയ്യുന്നതിനും എറണാകുളത്തെ അമ്പലമുകളിൽ ഒരു സംവിധാനം സ്ഥാപിക്കുന്നതിനായി കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.

സി) ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കുറഞ്ഞവിലയിൽ ലഭിക്കുന്ന ഇലക്ട്രോണിക് വസ്തുക്കളും, ഹാനികരമായ വസ്തുക്കളടങ്ങിയ പ്ലാസ്റ്റിക്ക് കൊണ്ടുളള നിത്യോപയോഗ സാധനങ്ങളും നമ്മുടെ നഗരങ്ങളിൽ വൻതോതിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

സി) ഉണ്ട്.

ഡി) പ്രസ്തുത വസ്തുക്കൾ മൂലമുണ്ടാകാവുന്ന മാലിന്യപ്രശ്നങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഡി) ശാസ്ത്രീയമായ പഠനങ്ങൾ ഒന്നും തന്നെ ഇതുവരെ നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ